(ബി) യോഗ്യതയനുസരിച്ച് ശമ്പള സ്കെയിൽ ഉയർത്തണമെന്ന് ആവശ്യപ്പെട്ട് സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ എന്ന സംഘടന നൽകിയ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(സി) യോഗ്യതയനുസരിച്ച് ശമ്പള സ്കെയിൽ നൽകുന്നതിന് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യേണ്ടതില്ല.

(ഡി) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നത് സംബന്ധിച്ച് ശമ്പള കമ്മീഷനെ നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ തസ്തികയും ശമ്പള കമ്മീഷന്റെ പരിഗണനയിൽ വരുന്നതാണ്.

(ഇ) നിലവിലുള്ള സ്പെഷ്യൽ റൂളിൽ കെയർ ടേക്കർമാർക്ക് പ്രൊമോഷൻ ചാനൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഒബ്സർവേഷൻ ഹോമിന്റെ പ്രവർത്തനം

37 [2809] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റകൃത്യങ്ങളിൽപ്പെട്ടുപോയ കുട്ടികളെ താമസിപ്പിക്കുന്ന കോഴിക്കോട് വെള്ളിമാടുകുന്ന് ഒബ്സർവേഷൻ ഹോമിൽ നിന്നും കുട്ടികൾ ഓടിപ്പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എത്ര പേർ ഇപ്രകാരം പോവുകയുണ്ടായി; എത്ര പേരെ കണ്ടെത്തി തിരികെ കൊണ്ടുവന്നിട്ടുണ്ട്;

(സി) ഇപ്രകാരം പോകുന്നതിനിടയാക്കുന്ന കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) കെയർ ടേക്കറുടെ പ്രേരണയാൽ കുട്ടികൾ ചാടിപ്പോയതായി ചേവായൂർ പോലീസ് അറിയിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കാര്യത്തിൽ വകുപ്പ് അധികൃതർ അന്വേഷണം നടത്തിയിട്ടുണ്ടോ; കെയർ ടേക്കറുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) കുറ്റകൃത്യങ്ങളിൽപ്പെട്ടുപോയ കുട്ടികളെ സംരക്ഷിക്കാൻ പ്രാപ്തരല്ലാത്ത ഇത്തരം ഉദ്യോഗസ്ഥരെ പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ; ഇപ്രകാരം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി - എഫ്) വിശദവിവരം ശേഖരിച്ചുവരുന്നു.

സുനാമിയെ തുടർന്ന് നിരാലംബരായ കുട്ടികളെ ദത്തെടുക്കാൻ നടപടി

38 [2810] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :

,, കെ. അച്ചുതൻ :

,, ഇ. എം. അഗസ്തി :

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമിയെ തുടർന്ന് നിരാലംബരായ കുട്ടികളെ ദത്തെടുക്കാനായി ഏതെല്ലാം സാമൂഹ്യ സംഘടനകളും മതസ്ഥാപനങ്ങളും മഠങ്ങളും മുന്നോട്ട് വന്നിട്ടുണ്ട്;

(ബി) ഓരോ സ്ഥാപനങ്ങൾക്കും എത്ര കുട്ടികളെ വീതം ദത്തെടുപ്പ് നിയമത്തിന്റെ നൂലാമാലകളിൽ നിന്നും ഒഴിവ് നൽകി ഈ കുട്ടികളെ ദത്തെടുക്കാൻ അനുവദിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സുനാമി ദുരന്തത്തിനെ തുടർന്ന് സംസ്ഥാനത്ത് മൂന്ന് കുട്ടികളാണ് അനാഥരായിട്ടുള്ളത്. രണ്ട് പെൺകുട്ടികളും ഒരു ആൺകുട്ടിയും. ഇവർ ഇപ്പോൾ അവരുടെ ബന്ധുക്കളുടെ സംരക്ഷണയിലാണ്. കുട്ടികളെ അനാഥമന്ദിരത്തിലോ ദത്ത് എടുക്കലിന് വിട്ടുകൊടുക്കുന്നതിനോ ബന്ധുക്കൾക്ക് താൽപ്പര്യമില്ല. ബന്ധുക്കളുടെ സംരക്ഷണയിൽ വളരുന്ന കുട്ടികളെ സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ നിരീക്ഷിച്ചു വരുന്നു.

അംഗൻവാടികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം

39 [2811] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി അംഗൻവാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര അംഗൻവാടികൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly